**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4743** **02-07-2024 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും വിവിധ വിഷയങ്ങളിൽ ആവശ്യാനുസരണം പരിശീലനം നടത്തുന്നതിനായി സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (നിഫാം) മികച്ചരീതിയിൽ പ്രവർത്തിച്ച് വരുന്നു. ത്രൈമാസിക അവലോകന യോഗങ്ങളിലൂടെയും പ്രൊജക്റ്റ് ക്ലിനിക്കിലൂടെയും പ്രവർത്തനം വിലയിരുത്താറുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ പരിശീലന പരിപാടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ 2024-25 വർഷം എന്തെല്ലാം പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പരിശീലന സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി), സമേതി, കുഫോസ് എന്നിവയുമായും കേന്ദ്ര സ്ഥാപനങ്ങളായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആന്റ് എൻജിനീയറിംഗ് ട്രെയിനിംഗ് (സിഫ്നെറ്റ്), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റിംഗ് ടെക്നോളജി ആന്റ് ട്രെയിനിംഗ് (നിഫാറ്റ്), സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ,) നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനറ്റിക് റിസോഴ്സ് (എൻ.ബി.എഫ്.ജി.ആർ),സ്കൂൾ ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യ (എസ്.എസ്.ഐ) എന്നിവയുമായും സഹകരിച്ച് 2024-25 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന 57 പരിശീലന പരിപാടികൾ ഉൾപ്പെടുത്തി ട്രെയിനിംഗ് കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. |

| ക്രമ നമ്പർ | പരിശീലന പരിപാടി | പരിശീലന പരിപാടി കളുടെ എണ്ണം | പരിശീലനാർത്ഥ കളുടെ എണ്ണം |
|---|---|---|---|
| 1 | വകുപ്പിലെ ജീവന ക്കാർക്കായുള്ള | 30 | 781 |

| | | | |
|---|---|---|---|
| | കപ്പാസിറ്റി ബിൽഡിംഗ് പരിശീലന പരിപാടി | | |
| 2 | മത്സ്യത്തൊഴിലാളികൾക്കായുള്ള പരിശീലന പരിപാടി | 6 | 110 |
| 3 | മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള പരിശീലന പരിപാടി | 2 | 50 |
| 4 | മത്സ്യകർഷകർക്കായുള്ള പരിശീലന പരിപാടി | 5 | 125 |
| 5 | വകുപ്പിലെ വിവിധ ഏജൻസികൾക്കായി നടത്തുന്ന പരിശീലന പരിപാടി | 10 | 310 |
| 6 | ഫീസ് ഈടാക്കിയുള്ള പരിശീലന പരിപാടികൾ | 4 | 100 |

| | | | |
|---|---|---|---|
| (സി) | വകുപ്പിനു കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ എല്ലാം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവിടങ്ങളിലെ സംവിധാനങ്ങൾ ഇതര വകുപ്പുകൾക്കു കൂടി പ്രയോജനപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ? | (സി) | വകുപ്പിന് കീഴിലുള്ള എല്ലാ പരിശീലന സ്ഥാപനങ്ങളും പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിഫാമിനെ കൂടാതെ പള്ളം, നെയ്യാർ, കോഴിക്കോട്, അഴീക്കോട് എന്നിവിടങ്ങളിലുള്ള വകുപ്പിന്റെ പരിശീലന സ്ഥാപനങ്ങളിൽ അതത് മേഖലകളിലെ മത്സ്യത്തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടികളും, മത്സ്യത്തൊഴിലാളികൾക്കും, മത്സ്യകർഷകർക്കും പരിശീലനക്ലാസ്സുകളും, ജില്ലകളിലെ കോർഡിനേറ്റർമാർ, മോട്ടിവേറ്റർമാർ എന്നിവർക്കുള്ള ക്ലാസ്സുകളും കൂടാതെ മേഖലാ അവലോകന യോഗങ്ങളും നടത്തി വരുന്നു.<br><br>ഇതര വകുപ്പുകൾ ആവശ്യപ്പെടുമ്പോൾ വകുപ്പിന് കീഴിലുള്ള പരിശീലന സംവിധാനങ്ങൾ അനുവദിച്ചു നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2023-24 വർഷത്തെ പരിശീലന പരിപാടികളുടെ വിവരങ്ങൾ**

1. വകുപ്പിലെ വിവിധ കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് ICM Kannur , ICM Thiruvananthapuram, IMG Thiruvananthapuram , ICAR-NBFGR Kochin Centre , NIFAM , Aluva എന്നീ സ്ഥാപനങ്ങളിലായി 5 പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തി 98 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

2. Technical Training outside the State പരിപാടിയിൽ ഉൾപ്പെടുത്തി CMFRI-യിൽ വെച്ച് വകുപ്പിലെ 10 ഉദ്യോഗസ്ഥർക്ക് നൂതന മത്സ്യകൃഷിയിൽ പരിശീലനം നൽകി.

3. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം 2023-24 ന്റെ ഭാഗമായി Cetral Island Agricutural Research Institute (CIARI) Port Blair എന്ന സ്ഥാപനത്തിൽ 5 ഉദ്യോഗസ്ഥർ എക്സ്പോഷർ വിസിറ്റ് നടത്തിയിട്ടുണ്ട്.

4. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം 2023-24 ന്റെ ഭാഗമായി അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾക്കായി 8 മാസക്കാലയളവിൽ ഉള്ള അക്വാ കൾച്ചർ പരിശീലന പരിപാടിക്കായി തെരഞ്ഞെടുക്കപ്പെട്ട 6 പരിശീലനാർത്ഥികളെ വിവിധ ഹാച്ചറികളിലായി പരിശീലനം നൽകിയിട്ടുണ്ട്.

5. കേരള സംസ്ഥാന മത്സ്യ വകുപ്പിന്റെ കീഴിൽ സബോർഡിനേറ്റ് സർവ്വീസിൽ എക്സിക്യൂട്ടീവ് സ്റ്റാഫിന് 90 പ്രവർത്തി ദിനങ്ങൾ ദൈർഘ്യമുള്ള പരിശീലനം നൽകി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 33 ഉദ്യോഗസ്ഥർക്ക് സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് നൽകിയിട്ടുണ്ട്.

6. കൊച്ചി സിഫ്നെറ്റിൽ വെച്ച് നടത്തിയ 3 ബാച്ച് സ്രാങ്ക് പരിശീലന പരിപാടികളിലായി 88 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കൊച്ചി നിഫാറ്റിൽ വെച്ച് "Onbaord handling of Sashimi grade Tuna"എന്ന വിഷയത്തിൽ 4 ബാച്ചുകളിലായി 55 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

7 സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി (STP) യുടെ ഭാഗമായി ഐ. എം. ജി യുമായി സഹകരിച്ച് 3 പരിശീലന പരിപാടികളിലായി വകുപ്പിലെ 72 ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

8. ഹൈദരാബാദ് എക്സ്റ്റൻഷൻ എജ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് (EEI) യുമായി സഹകരിച്ച് വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്കായി 4 പരിശീലന പരിപാടികളിലായി 63 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

9. തിരുവനന്തപുരം സമേതി (State Agricultural Management Extension Training Institute) യുമായി സഹകരിച്ച് വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്കായി 2 പരിശീലന പരിപാടികൾ സംഘടിപ്പിച്ചതിൽ 48 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

10. പ്രധാന മന്ത്രി മത്സ്യസംപദ യോജന പദ്ധതിയുടെ ഭാഗമായി 75 അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് കൊച്ചി നിഫാറ്റിൽ വെച്ച് "Value Addition of Fishery Products" എന്ന വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 33 മത്സ്യത്തൊഴിലാളികൾക്കായി എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിൽ വെച്ച് "Sea safety Measures"എന്ന വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

11. എൻ. എഫ്. ഡി. ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി 12 മത്സ്യകർഷകർക്കായി കൂട് കൃഷിയിൽ പരിശീലനം നൽകിയിട്ടുണ്ട്.